©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9 / Vol. IX

തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday

2020 ഡിസംബർ 1
1st December 2020
1196 വൃശ്ചികം 16
16th Vrischikam 1196
1942 അഗ്രഹായനം 10
10th Agrahayana 1942

നമ്പർ / No. 47

PART III

Notifications by Heads of Departments

Commissionerate of Land Revenue

(5)

നമ്പർ എഫ്4-8462/2020. 2020 സെപ്റ്റംബർ 3.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ ഇടവഴിയ്ക്കൽ വീട്ടിൽ ഗോപാലകൃഷ്ണപിള്ള എന്നയാൾ 12-6-2018-ാം തീയതി മരണപ്പെട്ടുവെന്നും പരേതന്റെ നിയമാനുസൃത അവകാശികളെ കാണിക്കുന്നതിനും വിവിധ ആവശ്യത്തിലേക്കും അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ സുധ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി ഗോപാലകൃഷ്ണപിള്ള എന്നയാൾ 12-6-2018-ാം തീയതി മരണപ്പെട്ടുവെന്നും പരേതയുടെ അവകാശികളായി താഴെ പറയുന്ന 4 (നാല്) പേർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു.

(പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല.)

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	ഗോമതിയമ്മ	മാതാവ്	84
2	സുധ	ഭാര്യ	56
3	സുധീപ്	മകൻ	26
4	സനീഷ്	,,	23

മേൽപറഞ്ഞവരാണ് പരേതയുടെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ രേഖാമൂലം ചേർത്തല തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞുവരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ചേർത്തല. തഹശീൽദാർ.

Kuttanad Taluk

പരസ്യം

(1)

നമ്പർ സി4-7257/2020. 2020 സെപ്റ്റംബർ 28.

കുട്ടനാട് താലൂക്കിൽ ചമ്പക്കുളം വില്ലേജിൽ പുല്ലങ്ങടി മുറിയിൽ സുഷമ ഭവനിൽ സുനിൽ വിവിധ ആവശ്യങ്ങൾക്കായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ ചമ്പക്കുളം വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അപേക്ഷകന്റെ പിതാവ് മുരളീധരൻ, ആർ. 7-8-2020-ാം തീയതി മരണമടഞ്ഞിട്ടുള്ളതാണ്. പരേതന് അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളത്.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	ചന്ദ്രമതി	മാതാവ്	80
2	സരസമ്മ, കെ.	ഭാര്യ	68
3	സുഷമ	മകൾ	38
4	സുജിത്ത്, എം.	മകൻ	35
5	സുനിൽ, എം.	,,	31

പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല. മുകളിൽ പരാമർശിച്ചവർ മാത്രമാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കുട്ടനാട് തഹശീൽദാർ മുമ്പാകെ നേരിൽ ഹാജരായി രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ സി4-6709/2020. 2020 ഒക്ടോബർ 8.

കുട്ടനാട് താലൂക്കിൽ തകഴി വില്ലേജിൽ കുന്നുമ്മ മുറിയിൽ ഉപ്പുകാരൻ ചിറ വീട്ടിൽ കല്ല്യാണി, കെ. വിവിധ ആവശ്യങ്ങൾക്കായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ തകഴി വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അപേക്ഷകയുടെ ഭർത്താവ് പി. കെ. പത്മനാഭൻ 22-2-2000-ൽ മരണമടഞ്ഞിട്ടുള്ളതാണ്. പരേതന്റെ നിയമാനുസൃത അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളത്.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	കല്ല്യാണി, കെ.	ഭാര്യ	79
2	സനൽകുമാർ	മകൻ	53
3	സുരേഷ് കുമാർ, പി.	,,	49
4	രാജേന്ദ്രൻ, പി.	,,	47
5	സുനിത, പി.	മകൾ	45

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. മുകളിൽ പരാമർശിച്ചവർ മാത്രമാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കുട്ടനാട് തഹശീൽദാർ മുമ്പാകെ നേരിൽ ഹാജരായി രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കുട്ടനാട്. തഹശീൽദാർ.

Mavelikkara Taluk

പരസ്യം

നമ്പർ സി1-8081/2020. 2020 ഒക്ടോബർ 13.

മാവേലിക്കര താലൂക്കിൽ നൂറനാട് വില്ലേജിൽ ഇടക്കുന്നം മുറിയിൽ സുകൃതം വീട്ടിൽ കെ. കെ. മോഹനൻ 13-8-2020-ൽ മരിച്ചുപോയിട്ടുള്ളതിനാൽ അവകാശികളെ തെളിയിക്കുന്ന ഒരു സർട്ടിഫിക്കററ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ മിനി കെ. നാരായണൻ ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ നൂറനാട് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തി വരുത്തിയ രേഖകൾ പരിശോധിച്ചതിൽനിന്നും പരേതന്റെ നിയമപരമായ അവകാശികൾ താഴെ പറയുന്നവരാണെന്ന് കാണുന്നു.